STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.487/PR/SPMC/PHQ/2026 Date:13.10.2026

## പത്രക്കുറിപ്പ്

### പുതിയ പോലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫും ഏഷ്യൻ ഗെയിംസ് താരങ്ങൾക്കുള്ള അനുമോദനവും നാളെ: ആഭ്യന്തര മന്ത്രി നിർവഹിക്കും

കേരള പോലീസിലെ കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കുന്നതിന്റെ ഭാഗമായി വിവിധ പോലീസ് യൂണിറ്റുകൾക്കായി വാങ്ങിയ 164 പുതിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫും ഏഷ്യൻ ഗെയിംസിൽ പങ്കെടുത്തവർക്കുള്ള അനുമോദനവും നാളെ വൈകുന്നേരം 5 മണിക്ക് തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കും.

കേരള പോലീസിലെ മികച്ച കായികതാരങ്ങളായ മനു ടി. എസ്. (ഹവിൽദാർ), സജൻ പ്രകാശ് (അസിസ്റ്റന്റ് കമാൻഡന്റ്), അൻസ ബാബു (ഹവിൽദാർ), എറിൻ വർഗീസ് (ഹവിൽദാർ) എന്നിവരെയാണ്

ആദരിക്കുക. വിവിധ അന്താരാഷ്ട്ര കായികമത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചവരാണ് ഇവർ.

ഇക്കൊല്ലത്തെ ഏഷ്യൻ ഗെയിംസിൽ റിലേ മത്സരങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടുന്നതിൽ മനു ടി. എസ്. നിർണായക പങ്കുവഹിച്ചപ്പോൾ, സജൻ പ്രകാശും ഇന്ത്യയെ പ്രതിനിധീകരിച്ച് കായിക മേളയിൽ പങ്കെടുത്തു. അൻസ ബാബു ഏഷ്യൻ ഗെയിംസിലും കോമൺവെൽത്ത് ഗെയിംസിലും റിലേ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചു. എറിൻ വർഗീസ് ഇക്കൊല്ലത്തെ ഏഷ്യൻ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്കായി വെങ്കല മെഡൽ നേടുകയും ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുകയും ചെയ്തു.

അനുമോദനച്ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ആംഡ് പോലീസ് ബറ്റാലിയൻ എഡിജിപി ബൽറാം കുമാർ ഉപാധ്യായ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************************************